## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **3862**

**31.01.2014**- ലെ മറുപടിക്ക്

### ശാസ്ത്രിനഗർ റസിഡന്റ്സ് വെൽഫെയർ കോ- ഓപ്പറേറ്റീവ് സൊസൈറ്റിയുമായി ബന്ധപ്പെട്ട ആഡിറ്റ് പരാമർശം

**ചോദ്യം**

ശ്രീ. വി. ശിവൻകുട്ടി

തിരുവനന്തപുരം ജില്ലയിലെ ശാസ്ത്രി നഗർ റസിഡന്റ്സ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ - റ്റി.389-ൽ 1972 -73 മുതൽ 2006 -07 വരെ ആഡിറ്റ് റിപ്പോർട്ടുകളിൽ സംഘത്തിൽ തസ്തികകൾ അനുവദിക്കാതെ ജീവനക്കാരെ നിയമിച്ചതിനാൽ, ജീവനക്കാരുടെ ശമ്പളമുൾപ്പെടെ ആഡിറ്റിൽ തടഞ്ഞിട്ടുള്ളതായും 2006-2007- ലെ ആഡിറ്റ് റിപ്പോർട്ടിൽ ഭരണസമിതി അംഗങ്ങളിൽ നിന്നും സഹകരണ നിയമം 68-ാം വകുപ്പു പ്രകാരം സർചാർജ്ജ് ചെയ്ത് പ്രസ്തുത തുക ഈടാക്കണമെന്നുള്ള നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

**മറുപടി**

ശ്രീ. സി.എൻ. ബാലകൃഷ്ണൻ
(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി)

T.389 -ാം നമ്പർ ശാസ്ത്രി നഗർ റസിഡന്റ്സ് വെൽഫയർ സഹകരണ സംഘത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച് കേരള സഹകരണ നിയമം 66-ാം വകുപ്പ് പ്രകാരം വിശദമായ അന്വേഷണം നടന്നുവരുകയാണ്. അന്വേഷണം പൂർത്തിയായി റിപ്പോർട്ട് ലഭിച്ചാലുടൻ നിയമാനുസരണമുള്ള നടപടികൾ കൈക്കൊള്ളുന്നതും സംഘം ഫണ്ട് ദുരുപയോഗം ചെയ്തു എന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം അനന്തര നടപടികൾ സ്വീകരിക്കുന്നതുമാണ്.

സെക്ഷൻ ഓഫീസർ